ENTRI

1 Crore User Downloads

# CURRENT AFFAIRS

**31 AUG 2024**

### ▷ 2024 ഓഗസ്റ്റിൽ റെയിൽവേ ബോർഡിന്റെ പുതിയ ചെയർമാനും സിഇഒയുമായി നിയമിതനായത്

**സതീഷ് കുമാർ**

- റയിൽവേ ബോർഡിന്റെ ചരിത്രത്തിൽ ചെയർമാൻ സ്ഥാനത്ത് എത്തുന്ന പട്ടിക ജാതി വിഭാഗത്തിൽ നിന്നുള്ള ആദ്യ വ്യക്തിയാണ് സതീഷ് കുമാർ.

---

### ▷ 2024 പാരീസ് പാരാലിമ്പിക്സിന്റെ ഉദ്ഘാടന ചടങ്ങിലെ മാർച്ച് പാസ്റ്റിൽ ഇന്ത്യൻ പതാകയേന്തിയ താരങ്ങൾ

**ഭാഗ്യശ്രീ ജാദവ് (ഷോട്ട്പുട്ട്), സുമിത് ആന്റിൽ (ജാവലിൻ ത്രോ)**

---

### ▷ നൂതന പ്രചാരണ പ്രവർത്തനങ്ങളിലൂടെ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പസഫിക് ഏഷ്യ ട്രാവൽ അസോസിയേഷന്റെ (പാറ്റ) 2024ലെ സുവർണ പുരസ്കാരം കരസ്ഥമാക്കിയത്

**കേരള ടൂറിസം**

- വിനോദസഞ്ചാരികളെ ആകർഷിക്കാൻ കേരള ടൂറിസം ഔദ്യോഗിക വാട്സാപ് ചാറ്റിലൂടെ നടത്തിയ ഒരു മാസം നീണ്ട 'ഹോളിഡേ ഹീസ്റ്റ്' ഗെയിം ക്യാമ്പയിൻ പരിഗണിച്ചാണ് പുരസ്കാരം.

---

### ▷ 2024 ഓഗസ്റ്റിൽ നാസ്കോം ചെയർപേഴ്സണായി നിയമിതയായ മലയാളി

**സിന്ധു ഗംഗാധരൻ**

- ഇന്ത്യയിലെ സോഫ്റ്റ്‌വെയർ സേവന കമ്പനികളുടെ കൂട്ടായ്മയാണ് നാസ്കോം.

---

### ▷ കേന്ദ്രഭരണ പ്രദേശമായ ലഡാക്കിൽ നിലവിൽ വരുന്ന പുതിയ അഞ്ച് ജില്ലകൾ

**സാൻസ്കർ, ഡ്രാസ്സ്, ഷാം, നുബ്ര, ചാങ്തങ്**

- നിലവിൽ ലേ, കാർഗിൽ എന്നിങ്ങനെ രണ്ട് ജില്ലകളാണ് ലഡാക്കിലുള്ളത്.

---

### ▷ കേരളത്തിലെ സന്നദ്ധ സേന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ദുരന്ത സാഹചര്യങ്ങളിൽ പ്രവർത്തനം ഏകോപിപ്പിക്കുന്നതും ലക്ഷ്യമിട്ട് സന്നദ്ധസേന ആപ്ലിക്കേഷൻ പുറത്തിറക്കിയത്

**സാമൂഹിക സന്നദ്ധസേന ഡയറക്ടറേറ്റ്**



സതീഷ് കുമാർ



ഭാഗ്യശ്രീ ജാദവ്



സുമിത് ആന്റിൽ



സിന്ധു ഗംഗാധരൻ

